(ബി) വൃദ്ധ സദനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപയും വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങൾ കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്ന ഒരു സംസ്ഥാന പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇപ്രകാരം 55 വയസ്സിന് മുകളിൽ പ്രായമുള്ള ദുർബലരായ വൃദ്ധ ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന സംഘടനകൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 100 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓരോ ജില്ലയിലും ഓരോ വൃദ്ധസദനം തുടങ്ങുന്നതിന് കെട്ടിടം പണിയുന്നതിനുവേണ്ടി 30 ലക്ഷം രൂപവരെ അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ പദ്ധതിയും നിലവിലുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച വൃദ്ധനയം സംസ്ഥാനത്തും പ്രാവർത്തികമാക്കുമ്പോൾ വൃദ്ധജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്.

55 (631) വികലാംഗരുടെ ക്ഷേമം

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗരുടെ ക്ഷേമം സംബന്ധിച്ച് വിവിധ വശങ്ങൾ പഠിക്കാനും നടപടികൾ ശുപാർശ ചെയ്യാനുമായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വികലാംഗരുടെ സർവ്വേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത സമിതിയുടെ വിഷയ നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ പുനഃപരിശോധിക്കുക.

2. സംസ്ഥാനത്തെ വികലാംഗരുടെ സംയോജിതവും സന്തുലിതവുമായ വികസനത്തിന് ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുക.

3. വിവിധ വകുപ്പുകൾ വികലാംഗർക്ക് വേണ്ടി നടത്തുന്ന സേവനങ്ങളുടെ സംയോജനം, ഏകീകരണം, കേന്ദ്രീകരണം എന്നിവ തിട്ടപ്പെടുത്തുക.

4. വികലാംഗർക്ക് വേണ്ടിയുള്ള സേവനങ്ങളുടെ ആവശ്യകതയും ലഭ്യതയും തിട്ടപ്പെടുത്തുന്നതോടൊപ്പം ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങളിൽക്കൂടി അവ നൽകുന്നതിനുള്ള സൗകര്യങ്ങളും തിട്ടപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. വികലാംഗർക്ക് വേണ്ടിയുള്ള സേവനങ്ങൾ വിപുലീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് പഠിക്കുക.

6. ഇപ്പോൾ നിലവിലുള്ള വികലാംഗ ക്ഷേമ പരിപാടികളെക്കുറിച്ച് പഠിക്കുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

7. സംസ്ഥാനത്തെ വികലാംഗരെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ രൂപപ്പെടുത്തുക.

8. വികലാംഗരുടെ സന്തുലിതമായ വികസനത്തിനുവേണ്ട പരിപാടികൾ നിർദ്ദേശിക്കുകയും 20 കൊല്ലത്തേയ്ക്ക് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും അവയ്ക്കുണ്ടാകാവുന്ന ചെലവുകൾ കണക്കാക്കുകയും ചെയ്യുക.

(ബി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. 1995-ലെ കേന്ദ്ര വികലാംഗ (തുല്യ അവസര, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്ത) നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 18.12.99-ലെ മീറ്റിംഗിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വികലാംഗരെ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവേ നടത്തുന്നതിന് അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2001-ലെ കാനേഷുമാരിയോടൊപ്പം വികലാംഗരുടെ സർവ്വേ കൂടി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സെൻസസ് രജിസ്ട്രാർക്കും കത്തയച്ചിട്ടുണ്ട്.

56 (633) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) സരോജിനി ബാലാനന്ദനെ സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ഡി) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

ഉത്തരം

(എ) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് അവസാനമായി പുനഃസംഘടിപ്പിച്ചത് 1997 ഏപ്രിൽ മാസം 16-ാം തീയതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly